അങ്ങനെ ഒഴിഞ്ഞു കൊടുക്കുന്ന ഭൂമിയാണെങ്കിൽ സ്റ്റേറ്റ് ഗവൺമെൻറിൻെറ കാശുകൊണ്ട്, കടമാണെങ്കിലും കേന്ദ്രഗവൺമെൻറിനെ ഫുള്പിച്ചു കൊടുത്തിട്ട് രണ്ടു മൂന്നു വർഷമായി. അവിടെ ഇപ്പോഴും ഒന്നും ചെയ്യാത്തായിട്ടാണ് കാണുന്നത്. സംസ്ഥാന ഗവൺമെൻറ് പറഞ്ഞതുപോലെ പയ്യന്നൂർ താലൂക്കായി ഉയർത്തണം. പയ്യന്നൂർ ആശുപത്രി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയായിട്ടെങ്കിലും ഉയർത്തണം. പയ്യന്നൂരിൻെറ വികസനത്തിന് വേണ്ട നടപടികളെടുക്കണം. അവിടെയുള്ള ആളുകൾക്ക് കുടിക്കാൻ വെള്ളം കൊടുക്കണം. അവർക്ക് കൊടുക്കാമെന്നു പറഞ്ഞ റോഡ് കൊടുക്കണം. ഹരിജന ക്ഷേമ വകുപ്പ്, മൽസ്യത്തൊഴിലാളി കോർപ്പറേഷൻ— ഇവർക്ക് വീടു വച്ചുകൊടുക്കുമെന്നു പറഞ്ഞതിൽ നാമമാത്രമായ ശ്രമങ്ങളേ നടന്നിട്ടുള്ളു. അല്ലാതെ യാതൊന്നും നടത്തിയിട്ടില്ല. 50 ഹരിജൻ കുടുംബങ്ങൾക്ക് ഗവൺമെൻറ് ഭൂമി കൊടുത്തിട്ടുണ്ട്. അതുപോലെ പത്തു നൂറു മത്സ്യത്തൊഴിലാളി കുടുംബങ്ങളുണ്ട്. അവർക്കുവേണ്ടി ഒന്നും ചെയ്തിട്ടില്ല. പതിനായിരം രൂപയിൽ താഴെ വരുമാനമുള്ള സാധാരണക്കാർക്ക് പത്തുസെൻറ് ഭൂമി കൊടുത്തിട്ടുണ്ട്. അത്തരം ആളുകൾക്ക് വീടു നിർമ്മിക്കുന്നതിന് സഹായം നൽകാമെന്ന് ഗവൺമെൻറ് പറഞ്ഞതാണ്. ഇത്തരം കാര്യങ്ങളിൽ ഗവൺമെൻറിൻെറ അടിയന്തിരമായ ശ്രദ്ധ പതിയേണ്ടതായിട്ടുണ്ട്. കേരളത്തിലെ ഒരു പ്രധാനപ്പെട്ട ഏർപ്പാടെന്ന നിലയിൽ ഗവൺമെൻറ് അടിയന്തിരമായി ഇതിൽ ശ്രദ്ധപതിപ്പിക്കണം. കേന്ദ്ര ഗവൺമെൻറ് ഈ കാര്യത്തിൽ എന്തു നിലപാട് സ്വീകരിക്കുന്നുവെന്ന് സംസ്ഥാന ഗവൺമെൻറിന് വല്ല വിവരവുമുണ്ടെങ്കിൽ അത് പറയണം.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, ഇന്നലെ 417-ാം നമ്പർ ചോദ്യത്തിന് മറുപടിയായി ഈ കാര്യങ്ങളെ സംബന്ധിച്ച് വിശദമായി പറഞ്ഞതാണ്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ നേവൽ അക്കാഡമിയുടെ പ്രവർത്തനം വേഗത്തിൽ നടന്നു കാണണമെന്നാണ് സംസ്ഥാന ഗവൺമെൻറിൻെറയും ആഗ്രഹം. മുൻപ്രധാനമന്ത്രി ഈ കാര്യത്തിൽ വളരെയധികം താൽപ്പര്യമെടുത്ത് പ്രവർത്തനം ആരംഭിക്കണമെന്ന് നിർദ്ദേശിച്ചിരുന്നതാണ്. നിർഭാഗ്യവശാൽ അതിന് കുറെ കാലതാമസം ഉണ്ടായിട്ടുണ്ട്. എങ്കിലും വീണ്ടും ആ കാര്യത്തെ സംബന്ധിച്ച് വിദഗ്ദ്ധ സമിതികളുമായി ആലോചന നടത്തി. അതിൻെറ പ്രവർത്തനം ഈ സാമ്പത്തിക വർഷംതന്നെ തുടങ്ങണമെന്ന് തീരുമാനിച്ചിട്ടുണ്ട്. അതിൻെറ ശിലാസ്ഥാപനകർമ്മം നിർവ്വഹിക്കുവാൻ പ്രധാനമന്ത്രി തന്നെ വരാമെന്ന് സമ്മതിച്ചിട്ടുണ്ട്. ആവശ്യമായ മറ്റെല്ലാ നടപടികളും സ്വീകരിച്ചു വരുന്നു. ഏതെങ്കിലും കാര്യം ബഹുമാനപ്പെട്ട മെമ്പർ ഗവൺമെൻറിൻെറ ശ്രദ്ധയിൽപെടുത്തുകയാണെങ്കിൽ അത് പരിശോധിക്കാൻ തയ്യാറാണ്.

(12) കർഷക സംഘംനേതാക്കളുടെ ഉപവാസം

ശ്രീ. ഇ. കെ. നായനാർ : സർ, കഴിഞ്ഞ നവംബർ മാസം 6-ാം തീയതി മുതൽ ഇവിടെ നിരാഹാര സമരം നടത്തുകയാണ്, കർഷകസംഘത്തിൻെറ നേതാക്കൻമാർ കേരളത്തിലാകെ. ആ നേതാക്കൻമാരുമായി ബന്ധപ്പെട്ട് സംസാരിക്കാനും പ്രശ്നം പരിഹരിക്കാനും വേണ്ടി അവർ ഗവൺമെൻറിൻെറ മുമ്പാകെ പലതവണ അഭ്യർത്ഥിക്കുകയുണ്ടായി. സെപ്റ്റംബർ 4-ാം തീയതി കേരളത്തിലെ പ്രതിപക്ഷ കർഷക സംഘത്തിൻെറ നേതാക്കൻമാർ ഒരു മാർച്ച് നടത്തുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് മെമ്മോറാണ്ടം കൊടുക്കുകയും ചെയ്തു. സെപ്റ്റംബർ 20-ാം തീയതി കണ്ട് സംസാരിക്കാമെന്ന് അന്ന് അവർക്ക് ഉറപ്പു നൽകിയതാണ്. പക്ഷേ, അത് ഇതു

LIBRARY ARCHIVES Kerala Legislative Assembly

വരെയും നടത്താത്തതുകൊണ്ടായിരുന്നു നവംബർ 6-ാം തീയതി കേരളത്തിലെ ജില്ലാ കേന്ദ്രങ്ങളിലും, താലൂക്ക് കേന്ദ്രങ്ങളിലും—നവംബർ 6-ാം തീയതി ജില്ലാ കേന്ദ്രങ്ങളിലും, നവംബർ 10-ാം തീയതി മുതൽ താലൂക്ക് കേന്ദ്രങ്ങളിലും പിക്കറ്റിംഗ് സമരവുമായിട്ട് മുന്നോട്ടു വന്നിരിക്കുന്നത്. അവർ ഉന്നയിച്ചിട്ടുള്ള പ്രധാനപ്പെട്ട ചില ആവശ്യങ്ങളാണ് ഗവൺമെൻറിന് ആലോചിക്കാവുന്നതാണ്. നെൽക്കൃഷിക്കാർക്ക് കൃഷിച്ചെലവിന്റെ 50 ശതമാനം സബ്സിഡി ഗവൺമെൻറ് നൽകുക, ജനാർദ്ദനൻ നായർ കമ്മീഷൻ നിർദ്ദേശിച്ച റിപ്പോർട്ട് പ്രസിദ്ധീകരിക്കുക, അതിൽ പറഞ്ഞ കാര്യങ്ങളെപ്പറ്റി പര്യാലോചിക്കുക, ആനുകൂല്യങ്ങളും നൽകുക എന്നൊക്കെയാണ്. അതുപോലെതന്നെ നാളികേരം ഇറക്കുമതി ചെയ്യുന്നത് പൂർണ്ണമായും തടയുക. അതുപോലെ 1,000 നാളികേരത്തിൽ 3,000 വില നിശ്ചയിച്ച് കൊപ്ര ഗവൺമെൻറ് ഏജൻസികളും വഴി സംഭരിക്കുക. റബ്ബർ ഇറക്കുമതി നിർത്തലാക്കുക, റബ്ബർ പുതുക്കൃഷിക്കും, ആവർത്തന കൃഷിക്കും നൽകിയിരുന്ന ആനുകൂല്യങ്ങളും തുടർന്നും നൽകുക, സമഗ്ര തെങ്ങ് കൃഷി പദ്ധതി (രോഗനിവാരണമടക്കം) വീണ്ടും സംസ്ഥാന ഗവൺമെൻറ് ആരംഭിക്കുക, അതുപോലെ ചുക്ക് കിലോക്ക് 25 ഉറുപ്പികയും ഏലത്തിന് കിലോക്ക് 250 ഉറുപ്പികയും വീതം തറവില നിശ്ചയിച്ച് സംഭരിക്കാനുള്ള ഏർപ്പാടുകളും ചെയ്യുക, കാപ്പി കൃഷിക്ക് ഏർപ്പെടുത്തിയിട്ടുള്ള എക്സൈസ് ഡ്യൂട്ടി എടുത്തുകളയുക, വെള്ളപ്പൊക്കവരൾച്ചകൊണ്ടുണ്ടായിട്ടുള്ള കൃഷിക്കാരെ സഹായിക്കുക, 5,000 ഉറുപ്പിക വരെയുള്ള കടങ്ങൾ റദ്ദ് ചെയ്യുക, 10,000 ഉറുപ്പിക വരെയുള്ള കടങ്ങൾക്ക് ഇളവ് നൽകുക, കൈവശകൃഷിക്ക് എത്രയും വേഗം പട്ടയം നൽകുക, 1977-നു മുമ്പ് പട്ടയം നൽകാമെന്ന് പറഞ്ഞ നമ്മുടെ ഭരണകക്ഷികളൊക്കെത്തന്നെ ഇവിടെയുണ്ട്. ഇന്നുവരെ പട്ടയം കൊടുത്തിട്ടില്ല. പട്ടയം കൊടുക്കാനുള്ള നടപടികളും ത്വരിതമായി കൈകാര്യം ചെയ്യണം. ജോയിൻറ് വെരിഫിക്കേഷൻ നടത്തിയുണ്ടാക്കിയ ലിസ്റ്റ് പ്രസിദ്ധം ചെയ്യുക, അതുപോലെ തുടങ്ങിവച്ച 19 വൻകിട ജലസേചന പദ്ധതികളുണ്ട്. അവ പൂർത്തിയാക്കുക. അങ്ങനെ അന്ന് ഉന്നയിച്ച പ്രധാനപ്പെട്ടവ മാത്രമേ ഞാൻ പറഞ്ഞിട്ടുള്ളൂ. ഈ പദ്ധതികളും ഗവൺമെൻറിന്റെ ശ്രദ്ധയിൽ ഉണ്ടായിരുന്നു. ഇത്രയും അടിയന്തിരാവശ്യങ്ങളും ഉന്നയിച്ചുകൊണ്ട് ആണ് ഈ സമരങ്ങളും ആരംഭിച്ചത്. ഇന്നലെ ചർച്ച നടന്നുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇന്നലെ നടന്ന ചർച്ചയിൽത്തന്നെ യോജിപ്പായ ഒരു രീതിയിൽ എത്തിയിട്ടില്ല. സാമ്പത്തികമായ ചില ആനുകൂല്യങ്ങളും നൽകേണ്ടതുണ്ടെന്നുള്ളതുകൊണ്ട് രേണകക്ഷികളുടെ കർഷകസംഘങ്ങളേയും പ്രതിപക്ഷത്തിന്റെ കർഷകസംഘത്തിന്റെയും പ്രതിനിധികളെ എല്ലാം വിളിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി. ഉൾപ്പെടെ 5 മന്ത്രിമാർ പങ്കെടുത്ത് ചർച്ച നടത്തിയെന്ന് ഞാൻ അറിഞ്ഞു പക്ഷേ അത് ഒരു തീരുമാനത്തിൽ എത്തിയിട്ടില്ല. സാമ്പത്തികമായ ചില ആനുകൂല്യങ്ങളും നൽകേണ്ടതുള്ളതുകൊണ്ട് അത് നീട്ടിവച്ചിരിക്കുകയാണ്. നിരാഹാരസമരം തുടരുകയാണ്. കേരളത്തിലെ കൃഷിക്കാരുടെ നീറിക്കൊണ്ടിരിക്കുന്ന വിഷമകരമായ ഇന്നത്തെ സാഹചര്യത്തിൽ അവർക്ക് ആശ്വാസം നൽകാനുള്ള നടപടി ത്വരിതമായി ഗവൺമെൻറ് എടുക്കണം. ഈ സമരത്തെ അവസാനിപ്പിക്കാൻ ആവശ്യമായ നടപടി കൈക്കൊള്ളണമെന്ന് ഗവൺമെൻറിനോട് അഭ്യർത്ഥിക്കുകയാണ്. ഇതിനെപ്പറ്റിയുള്ള ഗവൺമെൻറിന്റെ നിലപാട് കൂടി എന്താണെന്ന് ഞങ്ങൾക്ക് അറിയണമെന്ന് ആഗ്രഹമുണ്ട്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, കർഷകരുടെ പ്രശ്നങ്ങളെ സംബന്ധിച്ച് ഇവിടെ സൂചിപ്പിച്ച എല്ലാ കാര്യങ്ങളും മിക്കവാറും വിശദീകരിച്ചു കഴിഞ്ഞതാണ്. ദുരിതാശ്വാസത്തെക്കുറിച്ച്, സബ്സിഡിയെ

LIBRARY ARCHIVES Kerala Legislative Assembly

കുറിച്ച്, നാളികേരത്തിന്റെ കാര്യത്തെക്കുറിച്ച്, കൃഷിക്കാരുടെ കാര്യത്തെക്കുറിച്ച് ഇതെല്ലാം വച്ചുകൊണ്ട് ഒരു സമരം ആരംഭിച്ചുവെന്നാണ്. കൃഷിക്കാർക്കുവേണ്ടി ഈ ഗവൺമെന്റ് ചില പദ്ധതികളും ആവിഷ്ക്കരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട കൃഷി വകുപ്പു മന്ത്രി തന്നെ ഈ സഭയിൽ ഉത്തരം പറയുന്ന അവസരത്തിൽ ജനാർദ്ദനൻ നായർ കമ്മീഷൻ റിപ്പോർട്ടിനെ സംബന്ധിച്ചുള്ള ചോദ്യോത്തരവേളയിൽ ഇതിനെ കുറിച്ച് പരാമർശിച്ചിരുന്നു. ചില പദ്ധതികളും ആവിഷ്ക്കരിച്ചിട്ടുണ്ട്. ആ പദ്ധതികളും ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ ഉള്ള നടപടികളും സ്വീകരിച്ചുവരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ അതിൻമേൽ ഒരു അവസാന തീരുമാനം എടുക്കുന്നതിനുമുമ്പായി കേരളത്തിലെ കർഷക സംഘടനകളുടെ പ്രതിനിധികളും സമരത്തിനുപോയോ ഇല്ലയോ എന്നുള്ളതല്ല ആ കാര്യത്തെ സംബന്ധിച്ചുള്ള പ്രശ്നം. കർഷകരുടെ പ്രതിനിധികളെ വിളിച്ച് വളരെ വിശദമായി ചർച്ച ചെയ്യുകയുണ്ടായി. അവർ ഉന്നയിച്ച പല പ്രശ്നങ്ങൾക്കും ഗവൺമെന്റ് നടപടി വിശദീകരിച്ചു കൊടുത്തു കഴിഞ്ഞു. അവർക്ക് ഇന്നലെ അവസാനമായി പോസിറ്റീവായിട്ട് ഇത്ര ആനുകൂല്യമെന്ന് തീരുമാനിക്കണമെന്നു പറയുന്നതിൽ ബുദ്ധിമുട്ടുണ്ട്. കാരണം ഇത് പരിശോധിച്ച് ഇതിന്റെ സാമ്പത്തിക ബാദ്ധ്യതകളും എല്ലാം കൂടി കണക്കിലെടുത്തുവേണം തീരുമാനിക്കാൻ. വൈകാതെ തന്നെ ഗവൺമെന്റ് അതിൽ ഒരു തീരുമാനമെടുക്കും. അതിനെ സംബന്ധിച്ച് ഗവൺമെന്റിന്റെ നിലപാട് ഫൈനലൈസ് ചെയ്തുകഴിഞ്ഞാൽ ആ കാര്യത്തിൽ അന്തിമമായി തീരുമാനമെടുക്കുന്നതിന് മുമ്പ് ഈ സംഘടനയുടെ പ്രതിനിധികളുമായിട്ട് ആലോചിക്കാൻ ഗവൺമെന്റിന് വിരോധമില്ലെന്ന് അവരെ അറിയിച്ചിട്ടുണ്ട്. ഈ കാര്യങ്ങളൊക്കെ ഭംഗിയായി നടന്നുപോകുമെന്നുള്ള സാഹചര്യത്തിൽ ഒരു സമരത്തിന്റെ ആവശ്യമില്ലാത്തതാണ്. അതല്ല സമരത്തിനുവേണ്ടിയുള്ള സമീപനമാണെങ്കിൽ അതിനൊന്നും പറയാനില്ല. അല്ലെങ്കിൽ ഇത്രയും നടപടി സ്വീകരിക്കുകയും അവസാനമായി ഒരു പ്രഖ്യാപനം നടത്തുന്നതിനുമുമ്പ്, ഇതിന് ഒരു അവസാന തീരുമാനം എടുത്ത് അത് മന്ത്രിസഭ അംഗീകരിക്കുന്നതിനുമുമ്പ് ഒന്നുകൂടി ഇവരുമായി സംസാരിക്കാമെന്നും അറിയിച്ചിട്ടുണ്ട്. അതുകൊണ്ട് ഗവൺമെന്റിന് ഈ കാര്യത്തിൽ വളരെ ജാഗ്രതയുണ്ട്. ഒരു സമരവും കൂടാതെ തന്നെ കേരളത്തിലെ കർഷകരുടെ പ്രശ്നങ്ങളെ സംബന്ധിച്ചിടത്തോളം പരിഹാരം ഉണ്ടാക്കുന്നതാണ്. കാലാകാലങ്ങളിൽ വന്ന എല്ലാ കാര്യത്തിനും, റബറിന്റെ കാര്യത്തിൽ, നാളികേരത്തിന്റെ കാര്യത്തിൽ കാപ്പിയുടെ കാര്യത്തിൽ, കാപ്പിയുടെ കാര്യത്തിൽ ഡ്യൂട്ടി വർദ്ധിപ്പിച്ചതിനെക്കുറിച്ച് ഇതിനകം സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നു. ഇതിനെല്ലാം ഗവൺമെന്റ് നടപടി സ്വീകരിച്ചിട്ടുണ്ട്. അതുകൊണ്ട് സമരം അതിന്റെ പേരിൽ തുടരണ്ടതില്ല. ഈ കാര്യങ്ങളെല്ലാം ഭംഗിയായി മുന്നോട്ടു കൊണ്ടുപോകാൻവേണ്ടി ഈ സമരം അവസാനിപ്പിക്കുന്നതാണ് നല്ലതെന്ന് മാത്രമേ എനിക്ക് പറയാനുള്ളു. കേരള ഗവൺമെന്റ് ചെയ്യാനുള്ള കാര്യം ഏത് സാഹചര്യത്തിലും ചെയ്യുമെന്ന് മാത്രമേ എനിക്ക് ഈ അവസരത്തിൽ പറയാനുള്ളു.

ശ്രീ. ഇ. കെ. നായനാർ : സർ, ഇത് അവസാനമായി നിങ്ങൾ അംഗീകരിച്ചതാണല്ലോ ; പിന്നെ ഇങ്ങനെ കിടക്കേണ്ട ആവശ്യമില്ലല്ലോ, അവരെ വിളിച്ച് ഒന്ന് സംസാരിച്ച് ബോദ്ധ്യപ്പെടുത്തിയാൽപ്പോരേ. അടിയന്തിരമായി അത് കൂടെ ചെയ്തുകൂടെ.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, ഇന്നലെ അവർ എല്ലാവരുമായിട്ട് സംസാരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly